"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം- തിരുവനന്തപുരം നഗരസഭയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സനൂപ്.എസ്.എസ്.-ന്റെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.670/2023/LSGD തീയതി,തിരുവനന്തപുരം, 20-03-2023

പരാമർശം:-
1. എൽ.എസ്.ജി.ഡി.(അർബൻ) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 12.01.2023 തീയതിയിലെ ഡി.യു.എ/4220/2022/ഇ7 നമ്പർ ഉത്തരവ്.
2. എൽ.എസ്.ജി.ഡി.(അർബൻ) ഡയറക്ടറുടെ 12.01.2023 തീയതിയിലെ ഡി.യു.എ/4220/2022/ഇ7 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ **30.04.2010** ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. സനൂപ്.എസ്.എസ് ഈ തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ **23.09.2021** തീയതിയിലാണ് വിജയിച്ചിട്ടുള്ളത് എന്നതിനാൽ പരീക്ഷ പാസ്സായ തീയതിക്ക് അനുസൃതമായി ടിയാളുടെ നിരീക്ഷണ കാലയളവ് കെ.എസ്&എസ്.എസ്.ആർ ജനറൽ റൂൾ **21** പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം **2** പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**2.** **30.04.2010**ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. സനൂപ്.എസ്.എസ് ഈ തസ്തികയിൽ രണ്ടുവർഷത്തെ ഡ്യൂട്ടി പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (**30.04.2013**വരെ) ടിയാളുടെ നിരീക്ഷണകാലം, പരാമർശം **1** പ്രകാരം നിയമനാധികാരി ദീർഘിപ്പിച്ചു ഉത്തരവായിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ **30.04.2010** ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. സനൂപ്.എസ്.എസ്. **23.09.2021** ൽ നടന്ന പരീക്ഷയിലാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ പാസ്സായത് എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം **24.09.2021** പൂർവ്വാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നഗരകാര്യഡയറക്ടർക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ, നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ **01.05.2013** മുതൽ **25.09.2021** വരെ, **KS&SSRs, Part II** ചട്ടം **21** പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദുമോൾ എം

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. സന്ദീപ്.എസ്.എസ്. എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ, തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന).

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 21-03-2023 10:02:14

സെക്ഷൻ ഓഫീസർ